(ബി) ഇപ്പോൾ എയിഡഡ്, അൺ എയിഡഡ് പോളിടെക്നിക്കുകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ യോഗ്യതാ മാനദണ്ഡങ്ങളിൽ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ യോഗ്യതകളിൽ ഏകീകരണവും ശമ്പള സ്കെയിൽ വ്യത്യാസവും വരുത്തിയിരിക്കുന്നത് എന്തടിസ്ഥാനത്തിലാണ് ; വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിലുള്ള വ്യത്യാസം പോളിടെക്നിക്കുകളുടെ അംഗീകാരം നഷ്ടമാക്കും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ ?

ഉത്തരം

(എ) 20-2-2014 തീയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്.) 75/2014/ ഫിൻ പ്രകാരം സംസ്ഥാനത്ത് എയ്ഡഡ് പോളിടെക്നിക്ക് കോളേജുകളിൽ 1-7-2013 മുതൽ പ്രാബല്യത്തിൽ എ.ഐ.സി.റ്റി.ഇ. സ്കീം നടപ്പിലാക്കിയിട്ടുണ്ട്. അൺ എയ്ഡഡ് പോളിടെക്നിക്ക് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ. സ്കീം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലില്ല.

(ബി) സർക്കാർ/എയ്ഡഡ് പോളിടെക്നിക്ക് ജീവനക്കാർക്കുള്ള യോഗ്യതാ മാനദണ്ഡങ്ങൾ അൺ എയ്ഡഡ് മേഖലയിലെ പോളിടെക്നിക്ക് ജീവനക്കാർക്കും ബാധകമാണ്.

(സി) അൺഎയ്ഡഡ് മേഖലയിൽ ശമ്പളം നൽകുന്നത് ബന്ധപ്പെട്ട മാനേജ്മെന്റുകളാണ്. ഇക്കാര്യത്തിൽ സർക്കാരിന് ബാധ്യതയില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്റർ

97 (1133) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉന്നത സാങ്കേതികവിദ്യാലയങ്ങളിൽ ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്ന നടപടിയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ ;

(ബി) ഇതിനായി എത്ര രൂപ നടപ്പ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത തുക ഏതെല്ലാം ഇനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്ന വിവരം അറിയിക്കുമോ ;

(ഡി) ഇത്തരം സെന്ററുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമാനദണ്ഡം നിലവിലുണ്ടോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എട്ട് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും നാല് സർക്കാർ പോളിടെക്നിക്കുകളിലും ടെക്നോളജി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുകയും നടപ്പ് ബഡ്ജറ്റിൽ 75 ലക്ഷം രൂപ പദ്ധതി നടപ്പാക്കുന്നതിന് വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഈ പദ്ധതി നടപ്പാക്കാൻ ആവശ്യമുള്ള കമ്പ്യൂട്ടറുകൾ, ഫർണിച്ചറുകൾ, അനുബന്ധമായ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് നാളിതുവരെയായി 24.97 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഡി) ഉണ്ട്.

ഗവൺമെന്റ്, എയ്ഡഡ് മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ

98 (1134) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ്, എയിഡഡ് മേഖലയിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഗവൺമെന്റ്, എയിഡഡ് മേഖലയിൽ എഞ്ചിനീയറിംഗ് കോളേജുകളില്ലാത്ത ജില്ലയിൽ ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ യെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിലുള്ള എഞ്ചിനീയിറിംഗ് കോളേജ് മലപ്പുറം ജില്ലയിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ നൽകാമോ ?

993/2018

LIBRARY ARCHIVES Kerala Legislative Assembly